

THURSDAY 01-09-2022 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA



**Chief Editor : Suraj S** **Editor : Dr Saritha Vijayan K**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-01/09/2022.

1. കൃഷിവകുപ്പിന്റെ **ഓണസമൃദ്ധി 2022** കർഷക ചന്തകളുടെ സംസ്ഥാനതല ഉദ്ഘാടനം സെപ്റ്റംബർ 3-ന് വൈകുന്നേരം 5 മണിക്ക് പാളയം ഹോർട്ടികോർപ്പ് വിപണിയിൽ കൂടുന്ന യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ചടങ്ങിൽ കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് അദ്ധ്യക്ഷത വഹിക്കും.

2. കൃഷിവകുപ്പ് നടപ്പിലാക്കുന്ന **സ്മാം** പദ്ധതി പ്രകാരമുളള കാർഷിക ഡ്രോണുകളുടെ പ്രദർശനവും പ്രവർത്തി പരിചയവും ഇന്ന് (സെപ്റ്റംബർ 1) രാവിലെ 9.30-ന് ആലപ്പുഴ ജില്ലയിലെ കൈനകരി ഗ്രാമപഞ്ചായത്ത് കാടുകയ്യാർ പാടശേഖരത്തിൽ ആലപ്പുഴ ജില്ലാ കളക്ടർ വി. ആർ. കൃഷ്ണതേജ ഐ.എ.എസ് നിർവഹിക്കും.

3. കൃഷിവകുപ്പിന്റെ വിപണി ഇടപെടൽ പദ്ധതിയുടെ ഭാഗമായി ഓണവിപണിയോടനുബന്ധിച്ച് സെപ്റ്റംബർ 1 മുതൽ 7 വരെ എല്ലാ ജില്ലകളിലും ഹോർട്ടികോർപ്പിന്റെ മൊബൈൽ യൂണിറ്റുകൾ വഴി പഴം -പച്ചക്കറികൾ വിതരണം നടത്തും. ഏകീകൃത ഡിസൈനിലുള്ള മൊബൈൽ യൂണിറ്റുകൾ ജില്ലകളിലെ എല്ലാ നിയോജക മണ്ഡലങ്ങളും കവർ ചെയ്യുന്ന തരത്തിൽ ഒരാഴ്ച പ്രവർത്തിക്കുന്നതായിരിക്കും. സഞ്ചരിക്കുന്ന ഹോർട്ടി സ്റ്റോറുകൾ വഴി പഴം പച്ചക്കറികളും കർഷക കൂട്ടായ്മകൾ ഉൽപ്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും ഹോർട്ടികോർപ്പിന്റെ തേൻ, തേൻ ഉൽപ്പന്നങ്ങൾ മറ്റു പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളായ കേരജം വെളിച്ചെണ്ണ, മറയൂർ ശർക്കര, കേര ഉൽപ്പന്നങ്ങൾ, കുട്ടനാടൻ അരി, കൊടുമൺ അരി എന്നിങ്ങനെ ഓണക്കാലത്ത് ആവശ്യമായ എല്ലാ ഉൽപ്പന്നങ്ങളും ലഭ്യമാക്കുന്നതാണ്.

4. കുട്ടനാട്ടിൽ രണ്ടാംകൃഷി ഇറക്കിയ, വിതച്ച് 55 ദിവസം മുതൽ 90 ദിവസം വരെ പ്രായമായ പാടശേഖരങ്ങളിൽ, മുഞ്ഞയുടെ സാന്നിധ്യം കാണുന്നുണ്ട്. എന്നാൽ മിക്കയിടങ്ങളിലും മുഞ്ഞയുടെ മുട്ടകളെ ആഹാരമാക്കുന്ന **മിറിഡ് ചാഴികൾ** ധാരാളമായി കാണുന്നുണ്ട്. ഈ സാഹചര്യത്തിൽ കർഷകർ വളരെ കരുതലോടുകൂടിയിരിക്കണം. സാങ്കേതിക നിർദ്ദേശ പ്രകാരമല്ലാതെ ഒരു കീടത്തിനെതിരെയും രാസകീടനാശിനികൾ പ്രയോഗിക്കരുത്. കൃഷിയിടത്തിൽ പ്രയോഗിക്കുന്ന ഏതൊരു കീടനാശിനിയും തുടർന്ന് മുഞ്ഞയുടെ വംശവർദ്ധനവിന് ഇടയാക്കുമെന്നതിനാൽ ഇക്കാര്യത്തിൽ കർഷകർ പ്രത്യേകം

ശ്രദ്ധിക്കണം. ഏതെങ്കിലും സാഹചര്യത്തിൽ മുഞ്ഞയുടെ ആക്രമണം രൂക്ഷമായി, കീടനാശിനി പ്രയോഗം ആവശ്യമായി വരുന്ന പക്ഷം മങ്കൊമ്പ് കീടനിരീക്ഷണ കേന്ദ്രവുമായോ അതത് കൃഷിഭവനുമായോ ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9383470696** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. ഓണക്കാലത്ത് പൊതുജനങ്ങൾക്ക് ശുദ്ധവും മായം കലരാത്തതുമായ പാൽ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ക്ഷീര വികസന വകുപ്പിന്റെ ഓണക്കാല ഊർജ്ജിത പാൽ പരിശോധന സംവിധാനവും, ഇൻഫർമേഷൻ സെന്ററും ക്ഷീരവികസന വകുപ്പിന്റെ പട്ടത്ത് പ്രവർത്തിക്കുന്ന ജില്ലാ ക്വാളിറ്റി കൺട്രോൾ ലാബിൽ സെപ്റ്റംബർ 3 മുതൽ 7 വരെ സംഘടിപ്പിക്കുന്നു. കർഷകർക്ക് അവർ ഉത്പാദിപ്പിക്കുന്നതും പൊതുജനങ്ങൾക്ക് അവർ ഉപയോഗിക്കുന്നതുമായ പാൽ സൗജന്യമായി പരിശോധിക്കുന്നതിനുള്ള സൗകര്യം ലാബിൽ ഒരുക്കിയിട്ടുണ്ട്. ഗുണനിലവാര പരിശോധനയ്ക്കായി കുറഞ്ഞത് 200 മില്ലി പാൽ സാമ്പിളും പാക്കറ്റ് ആണെങ്കിൽ പാക്കറ്റ് പൊട്ടിക്കാതെ എത്തിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ക്വാളിറ്റി കൺട്രോൾ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. അന്യസംസ്ഥാനത്ത് നിന്ന് വരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതുമാണ്. പാറശാല കേന്ദ്രീകരിച്ച് സ്ഥിരം പാൽ പരിശോധന സംവിധാനം 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്.

6. റബ്ബറിനെ ബാധിക്കുന്ന ചീക്ക് അഥവാ പിങ്കുരോഗത്തിന്റെ ലക്ഷണങ്ങളെക്കുറിച്ചും രോഗനിവാരണമാർഗങ്ങളെക്കുറിച്ചും അറിയാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഇതു സംബന്ധിച്ച ചോദ്യങ്ങൾക്ക് നാളെ (സെപ്റ്റംബർ 02) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ഫോണിലൂടെ മറുപടി പറയും. **0481 2576622** എന്നതാണ് കോൾസെന്റർ നമ്പർ.

7. കുടപ്പനക്കുന്ന് പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിൽ നിന്നും നാളെ (സെപ്റ്റംബർ 2) ഒരു ദിവസം പ്രായമായ ഗ്രാമശ്രീ പൂവൻ കുഞ്ഞുങ്ങളെ പത്ത് രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 2730804** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

8. വെമ്പായം കൃഷിഭവൻ പരിധിയിൽ 50 രൂപ സബ്സിഡി നിരക്കിൽ അത്യുൽപ്പാദനശേഷിയുള്ള തെങ്ങിൻ തൈകൾ എത്തിയിട്ടുണ്ടെന്നും ആവശ്യമുള്ള കർഷകർ 2022-23 വർഷത്തെ കരം അടച്ച രസീതുമായി കൃഷിഭവനിൽ എത്തണമെന്നും കൃഷി ഓഫീസർ അറിയിച്ചു.

9. 2020, 2021 വർഷങ്ങളിൽ ആവർത്തനക്കൃഷിയോ പുതുക്കൃഷിയോ നടത്തിയ റബ്ബർകർഷകർക്ക് ധനസഹായത്തിന് അപേക്ഷിക്കാം. പരമാവധി രണ്ടു ഹെക്ടർ വരെ റബ്ബർകൃഷിയുള്ളവർക്ക് നിബന്ധനകൾക്ക് വിധേയമായി ഒരു ഹെക്ടറിന് ധനസഹായം ലഭിക്കാൻ അർഹതയുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ 'സർവ്വീസ് പ്ലസ്' എന്ന വെബ് പോർട്ടലിലൂടെ ഓൺലൈനായി ഒക്ടോബർ 31-നകം അപേക്ഷകൾ സമർപ്പിക്കാം. അപേക്ഷയോടൊപ്പം സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, കൃഷിചെയ്ത സ്ഥലത്തിന്റെ അതിരുകൾ രേഖപ്പെടുത്തിയ സ്കെച്ച്, ആധാറുമായി ബന്ധപ്പെടുത്തിയ ബാങ്ക് അക്കൗണ്ടിന്റെ (പാസ് ബുക്ക്) കോപ്പി, കൂട്ടുടമസ്ഥതയുള്ളവർക്കും മൈനറായ അപേക്ഷകർക്കുമുള്ള നോമിനേഷൻ എന്നിവ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഹെക്ടർപ്രതി കൃഷിധനസഹായമായി 20,000 രൂപയും നടീൽവസ്തുവായി കപ്പുതൈയോ കൂടത്തൈയോ ഉപയോഗിച്ചവർക്ക് 5000 രൂപയും ചേർത്ത് ആകെ 25,000 രൂപയാണ് ധനസഹായം. തോട്ടം പരിശോധിച്ചതിനുശേഷം അർഹമായ ധനസഹായം കർഷകരുടെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നതാണ്. വിശദവിവരങ്ങൾ www.rubberboard.org.in എന്ന വെബ്സൈറ്റിൽ നിന്ന് ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡ് റീജിയണൽ ഓഫീസുകൾ, ഫീൽഡ് സ്റ്റേഷനുകൾ, കേന്ദ്രഓഫീസിൽ പ്രവർത്തിക്കുന്ന **0481 2576622** എന്ന കോൾസെന്റർ നമ്പർ എന്നിവിടങ്ങളിൽ നിന്ന് ലഭിക്കുന്നതാണ്.

**പരിശീലന പരിപാടികൾ**

10. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഇന്ന് (സെപ്റ്റംബർ 01) രാവിലെ 11 മണിക്ക് **പഴം പച്ചക്കറികളുടെ വിളവെടുപ്പാനന്തര പരിചരണം** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

11. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് സെപ്റ്റംബർ 5 , 6 തീയതികളിൽ രാവിലെ 10 മണി മുതൽ തീറ്റപ്പുൽക്കൃഷി എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ 20 രൂപ രജിസ്ട്രേഷൻ ഫീസ് സെപ്റ്റംബർ 05-ന് പരിശീലനത്തിന് എത്തുമ്പോൾ അടയ്ക്കേണ്ടതും ആധാർ കാർഡിന്റെ കോപ്പി, ബാങ്ക് പാസ്ബുക്കിന്റെ കോപ്പി എന്നിവ ഹാജരാക്കേണ്ടതുമാണ്. പരിശീലനാർത്ഥികൾക്ക് യാത്രാക്കൂലിയായി 100 രൂപയും പ്രതിദിന ദിനബത്ത 150 രൂപയും ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0481 2302223** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

12. **കൊല്ലം ജില്ലയിലെ അഗ്രോമെറ്റ് യൂണിറ്റ് നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

വരും ദിവസങ്ങളിൽ ജില്ലയിൽ മഴ സാഹചര്യം നിലനിൽക്കുന്നതിനാൽ കീടനാശിനികളോ വളപ്രയോഗങ്ങളോ കഴിവതും തെളിഞ്ഞ കാലാവസ്ഥയിൽ മാത്രം അനുവർത്തിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക. മഴക്കാലത്ത് മരുന്ന് തളിക്കേണ്ടി വരുന്ന സാഹചര്യത്തിൽ മരുന്നിനൊപ്പം ഏതെങ്കിലും തരത്തിലുള്ള പശ (റോസിൻ, സാൻഡോ വിറ്റ് തുടങ്ങിയവ) ചേർക്കാവുന്നതാണ്. വെള്ളക്കെട്ട് ഒഴിവാക്കുന്നതിനു ചാലുകൾ കീറി നീർവാർച്ച സൗകര്യം ഉറപ്പാക്കുകയും താങ്ങു നൽകേണ്ട വിളകൾക്ക് താങ്ങു നൽകി സംരക്ഷിക്കുകയും വിളവെടുക്കാൻ പാകമായവ വിളവെടുപ്പ് നടത്തുകയും ചെയ്യുക.

- ചീരയിൽ കണ്ടു വരുന്ന ഇലപ്പുള്ളി രോഗത്തെ പ്രതിരോധിക്കുന്നതിനായി സ്യുഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് 10 ദിവസത്തെ ഇടവേളകളിലായി തളിച്ച് കൊടുക്കുക. 40 ഗ്രാം പാൽക്കായം 8 ഗ്രാം അപ്പക്കാരം 32 ഗ്രാം മഞ്ഞൾ പൊടി എന്നിവ 10 ലിറ്റർ വെള്ളത്തിൽ ചേർത്ത് ഇലകളിൽ തളിച്ച് കൊടുക്കുന്നതും രോഗ പ്രതിരോധ ശേഷിയ്ക്ക് ഉപകരിക്കും. രോഗം നിയന്ത്രിക്കുന്നതിനായി പുതിയ ചാണകത്തിന്റെ തെളിഞ്ഞ ലായനിയിൽ 20 ഗ്രാം സുഡോമോണാസ് ഒരു ലിറ്ററിന് എന്ന തോതിൽ ഇലകളിൽ തളിച്ച് കൊടുക്കുക. ജലസേചനം നടത്തുമ്പോൾ ഇലകളുടെ മുകളിൽ വെള്ളം വീഴ്ത്താതെ ചെടിയുടെ ചുവട്ടിലായി നനയ്ക്കാൻ ശ്രദ്ധിക്കുക.